# പഞ്ചായത്തുകൾ തോറും നീര വെന്റിംഗ് മെഷീനുകൾ സ്ഥാപിക്കും: കൃഷിമന്ത്രി

വീക്ഷണം ബ്യൂറോ
കോഴിക്കോട്

> നാളികേര വികസനം ലക്ഷ്യമിട്ട് കൂടുതൽ പദ്ധതികളും സംരംഭങ്ങളും സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാളികേര ഉല്പാദനം കുറഞ്ഞ സാഹചര്യത്തിലാണ് കേരസമൃദ്ധി പദ്ധതി കൂടുതൽ വ്യാപിക്കുന്നതിനായി കൃഷിവകുപ്പ് തീരുമാനമെടുത്തത്.

സംസ്ഥാനത്തെ പഞ്ചായത്തുകൾ തോറും നീര വെന്റിംഗ് മെഷീനുകൾ സ്ഥാപിക്കുമെന്നും അതിനുള്ള പ്രാരംഭനടപടികൾ മെയ് മാസത്തോടെ തുടങ്ങുമെന്നും കൃഷിവകുപ്പ് മന്ത്രി കെ പി മോഹനൻ. മലബാർ പാലസിൽ നടന്ന ചടങ്ങിൽ കേരജം വെളിച്ചെണ്ണയുടെ റീ ലോഞ്ചിംഗ് നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരസമൃദ്ധി പദ്ധതിയുടെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ പത്ത് ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യാനാണ് കൃഷിവകുപ്പ് ലക്ഷ്യമിടുന്നതെന്ന് കെ പി മോഹനൻ അറിയിച്ചു. സംസ്ഥാനത്ത് നാളികേര ഉല്പാദനം കുറഞ്ഞ സാഹചര്യത്തിലാണ് കേരസമൃദ്ധി പദ്ധതി കൂടുതൽ വ്യാപിക്കുന്നതിനായി കൃഷിവകുപ്പ് തീരുമാനമെടുത്തത്. നാളികേര വികസനം ലക്ഷ്യമിട്ട് കൂടുതൽ പദ്ധതികളും സംരംഭങ്ങളും സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്.



കേരജം വെളിച്ചെണ്ണയുടെ റീ ലോഞ്ചിംഗിൽ കൃഷിവകുപ്പ് മന്ത്രി കെ പി മോഹനനിൽ നിന്ന് എം കെ രാഘവൻ എം പി ആദ്യ ഉല്പന്നം ഏറ്റുവാങ്ങുന്നു

കേരള ഫീഡ്സ് പോലുള്ള സ്ഥാപനങ്ങൾക്ക് പുതുജീവൻ നൽകുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മലബാറിനെ കാലിത്തീറ്റ ഉൽപാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാനുതകുന്ന ഈ സംരംഭം മെയ് മാസത്തിൽ കമ്മീഷൻ ചെയ്യും. ആദിവാസി മേഖലയിൽ ജോലി ലഭ്യത കൂടി ഉറപ്പുവരുത്തിക്കൊണ്ടാണ് പതിനായിരം ലിറ്റർ നീര ഉല്പാദിപ്പിക്കുന്ന പ്ലാന്റ് തുടങ്ങിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തളർച്ചയെ നേരിട്ട കേരളത്തിലെ കാർഷികമേഖലയ്ക്ക് പുതുജീവൻ പകരാൻ കെ പി മോഹനന്റെ നേതൃത്വത്തിലുള്ള കൃഷിവകുപ്പിന് സാധിച്ചിട്ടുണ്ടെന്ന് മുഖ്യപ്രഭാഷണം നടത്തിയ എം കെ രാഘവൻ എം പി അഭിപ്രായപ്പെട്ടു. നാളികേര വികസന കോർപറേഷൻ ചെയർമാൻ സബാഹ് പുൽപ്പറ്റ അധ്യക്ഷനായിരുന്ന ചടങ്ങിൽ എം കെ രാഘവൻ എം പി ആദ്യ ഉല്പന്നം ഏറ്റുവാങ്ങി. നാളികേര വികസന കോർപറേഷൻ എം ഡി അശോക് കുമാർ തെക്കൻ, ജി എം കെ സുബാഷ് ബാബു, മനയത്ത് ചന്ദ്രൻ, നാരായണൻ മാസ്റ്റർ തുടങ്ങിയവർ പങ്കെടുത്തു.

1999 ൽ വിവിധ സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം നിർത്തേണ്ടിവന്ന സംസ്ഥാന നാളികേര വികസന കോർപറേഷന്റെ കേരജം വെളിച്ചെണ്ണ കൃഷിവകുപ്പിന്റെ സജീവ ഇടപെടലോടെയാണ് പുതുജീവൻ സ്വായത്തമാക്കി ഇപ്പോൾ വീണ്ടും വിപണിയിൽ എത്തിയിരിക്കുന്നത്.

കേരകർഷകരുടെ രക്ഷയ്ക്കായി നാളികേരത്തിന്റെ വിവിധ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉടമസ്ഥതയിൽ 1979 ൽ സ്ഥാപിതമായ കമ്പനിയിൽ നിന്നും 'കേരജം' എന്ന വ്യാപാരനാമത്തിൽ വിവിധ ഉൽപന്നങ്ങൾ വിപണനം ചെയ്തുകൊണ്ടിരിക്കെയാണ് പ്രവർത്തനം നിർത്തേണ്ടി വന്നത്. ഗുണനിലവാരമുള്ള കൊപ്രയിൽ നിന്നും ആധുനിക മില്ലിൽ ആട്ടിയെടുത്ത് ഡബിൾ ഫിൽട്ടർ ചെയ്തെടുക്കുന്ന അഗ്മാർക്ക് ഗുണനിലവാരമുള്ള ശുദ്ധമായ വെളിച്ചെണ്ണയാണ് കേരജം. വെളിച്ചെണ്ണയിൽ മായം വ്യാപകമാവുകയും വില ക്രമാതീതമായി ഉയരുകയും ചെയ്ത സാഹചര്യത്തിലാണ് നാളികേര വികസന കോർപറേഷൻ കേരജം വെളിച്ചെണ്ണ വിപണിയിലെത്തിക്കാൻ തീരുമാനിച്ചത്.